09
2025
ഒക്ടോബർ
വ്യാഴം
കന്നി 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 256 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-256 പേജ് 4. വില 2.00 രൂപ



02 നോർക്ക പി.ഒ.ഇ-ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിന് വിജയകരമായ സമാപനം

03 കൈവിട്ടു കുതിച്ച് പൊന്ന്; ചരിത്രത്തിലാദ്യമായി 90,000 കടന്നു

04 ന്യൂ മാഹി ഇരട്ടകൊലക്കേസ്: കൊടി സുനി അടക്കം 14 പ്രതികളെ വെറുതെവിട്ട് കോടതി


# സമുദ്ര മേഖലക്ക് കരുത്തേകാൻ 250 ടൺ ശേഷിയുള്ള സ്ലിപ്പ്‌വേ ക്രാഡിൽ



കൊച്ചി: ഇന്ത്യയുടെ സമുദ്രമത്സ്യ മേഖലയിൽ 250 ടൺ ഭാരവാഹക ശേഷിയുള്ള പുതിയ സ്ലിപ്പ്‌വേ ക്രാഡിൽ (കപ്പൽ തൊട്ടിൽ) കൊച്ചിയിൽ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ കമ്മിഷൻ ചെയ്തു.

മത്സ്യബന്ധന ബോട്ടുകൾ മുതൽ ഗവേഷണ യാനങ്ങൾ വരെയുള്ളവക്ക് ഡോക്കിംഗിനും അറ്റകുറ്റപ്പണികൾക്കും ഈ സംവിധാനം പ്രയോജനകരമാകും. ഫിഷറി സർവേ ഓഫ് ഇന്ത്യ (എഫ് എസ് ഐ) 1.78 കോടി രൂപ ചെലവിൽ നിർമ്മിച്ച ഈ സംവിധാനം, 250 ടൺ വരെ ഭാരമുള്ള യാനങ്ങൾ സുരക്ഷിതമായി കരയ്ക്ക് കയറ്റാനും നീറ്റിലിറക്കാനും കഴിയുന്ന രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ശേഷിയുടെ കാര്യത്തിൽ രാജ്യത്ത് സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിക്കപ്പെടുന്ന ഏറ്റവും വലിയ കപ്പൽ ക്രാഡിൽ സംവിധാനമാണിത്. സുസ്ഥിരത ലക്ഷ്യമിട്ടുള്ള ഇന്ത്യുടെ ബ്ലൂ ഇക്കോണമി വികസനപാതയിൽ നാഴികക്കല്ലാണ് ഈ അത്യാധുനിക സൗകര്യമെന്ന് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. എഫ് എസ്ഐ ഡയറക്ടർ ജനറൽ ഡോ. ശ്രീനാഥ് കെ ആർ സംസാരിച്ചു.

ഇലക്ട്രിക് വിഞ്ച് സംവിധാനവുമായി ചേർന്നാണ് ക്രാ!!ഡിൽ പ്രവർത്തിക്കുന്നത്. ഒരേ സമയം ആറ് യാനങ്ങൾ വരെ വിവിധ ബർത്തുകളിലായി അറ്റകുറ്റപ്പണികൾക്കായി കരയ്ക്ക് കയറ്റാൻ ഇതിലൂടെ സാധിക്കും. കൊച്ചി വാട്ടർ മെട്രോ, ടൂറിസം യാനങ്ങൾ, ഉൾനാടൻ ജലഗതാഗത യാനങ്ങൾ, സ്വകാര്യ ആഴക്കടൽ ഓപ്പറേറ്റർമാർ എന്നിവർക്കും പ്രയോജനപ്പെടുത്താം. സിഐ എഫ് ടി ഡയറക്ടർ ഡോ ജോർജ്ജ് നൈനാൻ, കോസ്റ്റ് ഗാർഡ് ഡെപ്യൂട്ടി ഇൻസ്‌പെക്ടർ ജനറൽ ആശിഷ് മെഹ്‌റോത്ര, എഫ് എസ്ഐ സോണൽ ഡയറക്ടർ ഡോ. സിജോ പി വർഗീസ്, എൻജിനീയറിങ് വിഭാഗം ഡയറക്ടർ ധരംവീർ സിങ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# കേരളത്തിന് പുതിയ വന്ദേഭാരത് ട്രെയിൻ

തിരുവനന്തപുരം: കേരളത്തിന് പുതിയ വന്ദേ ഭാരത് ട്രെയിൻ അനുവദിച്ചതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. നവംബർ പകുതിയോടെ ട്രെയിൻ സർവീസ് തുടങ്ങുമെന്ന് റെയിൽവേ മന്ത്രി അറിയിച്ചതായി രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

എറണാകുളത്ത് നിന്ന് തൃശൂർ, പാലക്കാട് വഴി ബംഗളൂരുവിലേക്കാണ് ട്രെയിൻ സർവീസ് നടത്തുക.സർവീസ് അനുവദിച്ച കേന്ദ്ര സർക്കാരിന് രാജീവ് നന്ദി പറഞ്ഞു. ഫേസ്ബുക്കിലൂടെയാണ് രാജീവ് ഇക്കാര്യം അറിയിച്ചത്.

ഐടി മേഖലയിലടക്കം ഒട്ടേറെ മലയാളികൾ ജോലി ചെയ്യുന്ന നഗരമാണ് ബംഗളൂരു. അവിടേയ്ക്ക് കേരളത്തിൽ നിന്നും കൂടുതൽ ട്രെയിനുകൾ അനുവദിക്കണമെന്നത് വളരെ നാളായുള്ള ആവശ്യമാണ്. ഇക്കാര്യം ഒരു മാസം മുൻപ് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഉടൻ തന്നെ അനുകൂല തീരുമാനം ഉണ്ടായതിന് അദ്ദേഹത്തിന് നന്ദി അറിയിക്കുന്നുവെന്നും രാജീവ് ഫേസ്ബുക്കിൽ കുറിച്ചു.

നവംബ!ർ പകുതിയോടെ ഈ ട്രെയിൻ സ!ർവീസ് തുടങ്ങുമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. നിലവിൽ ഉത്സവ സീസണിലും വിശേഷ ദിവസങ്ങളിലും ഈ റൂട്ടിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. മാത്രമല്ല, മറ്റ് ഗതാഗത മാ!ർഗങ്ങൾ തേടുന്നവ!ർക്ക് അമിത യാത്രാക്കൂലിയും നൽകേണ്ടി വരുന്നുണ്ട്.

പുതിയ വന്ദേഭാരത് സർവീസ് ബംഗളൂരു മലയാളികളെ സംബന്ധിച്ച് ഏറെ ആശ്വാസകരമാകും. കേരളത്തിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ട് അനുകൂല തീരുമാനങ്ങളെടുക്കുന്ന കേന്ദ്ര സ!ർക്കാരിന് ഒരിക്കൽ കൂടി നന്ദി പറയുന്നുവെന്നും രാജീവ് കൂട്ടിച്ചേർത്തു.

# ദ്വാരപാലക ശിൽപം ഒരു കോടീശ്വരന് വിറ്റു : വി. ഡി. സതീശൻ

തിരുവനന്തപുരം: ശബരിമലയിലെ ദ്വാരപാലക ശില്പവുമായി ബന്ധപ്പെട്ട വിവാദത്തിൽ അന്നത്തെ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനെതിരേ വിമർശനവുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ദ്വാരപാലക ശില്പം വിൽക്കാൻ കടകംപള്ളി കൂട്ടുനിന്നെന്നാണ് വിമർശനം.

ദ്വാരപാലക ശിൽപം ഒരു കോടീശ്വരന് വിറ്റുവെന്നും കടകംപള്ളിയോട് ചോദിച്ചാൽ ആർക്കാണ് വിറ്റത് എന്നറിയാമെന്നും സതീശൻ ആരോപിച്ചു. സ്വർണം ചെമ്പാക്കിയ രാസവിദ്യ ആണ് നടന്നത്. ഒരു പത്രസമ്മേളനം നടത്തി സർക്കാരിന് പറയാനുള്ളത് പറയുകയാണ് വേണ്ടത്. എന്താണ് ഇത്രയും നാളായി മിണ്ടാതെ ഇരിക്കുന്നതെന്നും സതീശൻ വിമർശിച്ചു. കോൺഗ്രസ് നിയമസഭയ്ക്ക് അകത്തും പുറത്തും പ്രതിഷേധം തുടരും. കട്ടളപ്പടിയും വാതിലും എല്ലാം അടിച്ചുകൊണ്ടുപോയി. ഇപ്രാവശ്യം അയ്യപ്പവിഗ്രഹം കൂടി കൊണ്ടുപോകാനായിരുന്നു പ്ലാൻ എന്നും സതീശൻ പറഞ്ഞു. പോലീസിനെ വിശ്വാസമില്ലാത്തതിനാലാണ് സിബിഐ അന്വേഷണം ആവശ്യപ്പെട്ടത്. സർക്കാരിനോടല്ല പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ ആവശ്യപ്പെട്ടത്. ഉണ്ണികൃഷ്ണൻ പോറ്റി കുടുങ്ങിയാൽ എല്ലാവരും കുടുങ്ങുമെന്നും വി. ഡി. സതീശൻ പറഞ്ഞു.

# കൊച്ചി വാട്ടർ മെട്രോ പുതിയ ടെർമിനലുകൾ 11ന് ഉദ്ഘാടനം ചെയ്യും

കൊച്ചി: കൊച്ചി വാട്ടർ മെട്രോയുടെ മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലന്റ് ടെർമിനലുകൾ 11 ന് രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മട്ടാഞ്ചേരി ടെർമിനലിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി രാജീവ് അധ്യക്ഷനാകും. കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ, ഹൈബി ഈഡൻ എംപി, എംഎൽഎമാരായ കെ ജെ മാക്സി, ടി ജെ വിനോദ്, ഡെപ്യൂട്ടി മേയർ കെ എ അൻസിയ,കൗൺസിലർ റ്റി പത്മകുമാരി തുടങ്ങിയവർ സംസാരിക്കും.

38 കോടി രൂപ ചെലവിലാണ് രണ്ട് ടെർമിനലുകളും പണികഴിപ്പിച്ചത്. ഇതോടെ വാട്ടർ മെട്രോ ടെർമിനലുകളുടെ എണ്ണം 12 ആയി. 8000 ചതുരശ്രയടി വലിപ്പത്തിലുള്ള മട്ടാഞ്ചേരി ടെർമിനൽ പൈതൃകമുറങ്ങുന്ന ഡെച്ച് പാലസിന് തൊട്ടടുത്താണ്. പഴയ ഫെറി ടെർമിനലിന് അടുത്താണ് 3000 ചതുരശ്രയടി വിസ്തീർണമുള്ള വെല്ലിംഗ്ടൺ ഐലന്റ് ടെർമിനൽ. പൈതൃക സമ്പത്ത് സംരക്ഷണഭാഗമായി രണ്ട് ടെർമിനലുകളും പൂർണമായും വെള്ളത്തിലാണ് നിർമിച്ചിരിക്കുന്നത്. വൃക്ഷങ്ങളും പച്ചപ്പും അതേപടി നിലനിർത്തിയിരിക്കുന്നു.

മട്ടാഞ്ചേരിയിലെയും വെല്ലിംഗ്ടൺ ഐലന്റിന്റെയും ചരിത്ര പൈതൃകത്തിന് ചേർന്ന നിർമാണ രീതിയാണ് അവലംബിച്ചിരിക്കുന്നത്. രണ്ട് പ്രദേശത്തെയും വാണിജ്യ, ബിസിനസ്, ടൂറിസം വികസനത്തിനും വാട്ടർമെട്രോയുടെ വരവ് ഊർജം പകരും.

# സ്വർണപ്പാളി വിവാദം: ഒരുകുറ്റവാളികളെയും സംരക്ഷിക്കാൻ നിന്നിട്ടില്ല : മുഖ്യമന്ത്രി

തിരുവനന്തപുരം: ശബരിമല സ്വർണപ്പാളി വിവാദത്തിൽ നിയമസഭയിൽ പ്രതികരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കേസിൽ ഒരുകുറ്റവാളികളെയും സംരക്ഷിക്കാൻ നിന്നിട്ടില്ലെന്നും ആരു തെറ്റ് ചെയ്താലും മുഖം നോക്കാതെ നടപടിയെടുക്കുന്ന രീതിയും ശീലവുമാണ് തങ്ങൾക്കെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിഷയത്തിൽ ഗൗരമായ പരിശോധന നടക്കണമെന്നാണ് ഹൈക്കോടതിയിൽ ദേവസ്വം ബോർഡും വകുപ്പും സ്വീകരിച്ച നിലപാട്. ഹൈക്കോടതി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷണം ആരംഭിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



കേസിൽ സിബിഐ അന്വേഷണം വേണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യത്തിനു പിന്നിലും രാഷ്ട്രീയമുണ്ടെന്നും മുഖ്യമന്ത്രി ആരോപിച്ചു. അന്വേഷണം കുറ്റമറ്റ രീതിയിൽ നടക്കും. കുറ്റവാളി രക്ഷപ്പെടില്ല. ഒന്നും പറയാനില്ലാത്തതിനാലാണ് സഭയിൽ ഇങ്ങനെയൊക്കെ കാണിക്കുന്നത്. പ്രതിപക്ഷം പുറമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.അതേ സമയം, ഇന്നും ശബരിമല വിഷയത്തിൽ പ്രതിപക്ഷം സഭ വിട്ടു. നടുത്തളത്തിലിറങ്ങിയ പ്രതിപക്ഷം സ്പീക്കറുടെ മുഖം മറച്ച് ബാനർ ഉയർത്താൻ ശ്രമിച്ചു. ഇതിനു പിന്നാലെ വാച്ച് ആൻഡ് വാർഡും പ്രതിപക്ഷാംഗങ്ങളും തമ്മിൽ ഉന്തുംതള്ളുമുണ്ടായി. ദേവസ്വം മന്ത്രി രാജി വെക്കുന്നതു വരെയും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കുന്നതു വരെയും സഭാ നടപടികളുമായി സഹകരിക്കില്ലെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാടെന്ന് വി. ഡി. സതീശൻ പറഞ്ഞു.

## ‘ദേവസ്വം മന്ത്രി രാജിവയ്ക്കണം, സിബിഐ അന്വേഷണം വേണം’: ക്ലിഫ് ഹൗസിലേക്ക് ബിജെപി മാർച്ച്

തിരുവനന്തപുരം: സ്വർണപ്പാളി വിവാദത്തിൽ മുഖ്യമന്ത്രിയുടെയും ദേവസ്വം മന്ത്രിയുടെയും രാജി ആവശ്യപ്പെട്ട് ക്ലിഫ് ഹൗസിലേക്ക് ബിജെപിയുടെ പ്രതിഷേധ മാർച്ച്. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിലാണ് പ്രതിഷേധം നടന്നത്.

പത്തു വർഷം സിപിഎം വിശ്വാസികളെ ദ്രോഹിച്ചെന്നും ഇപ്പോൾ അവർ ശബരിമലയിൽ കൊള്ള നടത്തിയെന്നും രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. ക്ലിഫ് ഹൗസിൽ ഇരിക്കുന്ന മുഖ്യമന്ത്രി എല്ലാം ശരിയാകും എന്ന വാഗ്ദാനം നൽകിയിരുന്നു.

10 കൊല്ലം ഭരിച്ചിട്ടും ഒന്നും ശരിയായില്ല. എവിടെ നോക്കിയാലും അഴിമതിയും അനാസ്ഥയുമാണ്. വിശ്വാസികളെ ദ്രോഹിക്കാനും അമ്പലം കൊള്ളയടിക്കാനും മുഖ്യമന്ത്രി എന്തൊക്കെ ചെയ്തു എന്നാണ് ഇപ്പോൾ പുറത്ത് വരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പാക്കിസ്ഥാന് എയർ ടു എയർ മിസൈലുകൾ നൽകുമെന്ന് യുഎസ്

ന്യൂഡൽഹി: പാക്കിസ്ഥാന് എയർ ടു എയർ മിസൈലുകൾ നൽകാനൊരുങ്ങി അമേരിക്ക. യുഎസ് പ്രസിഡൻറ് ഡൊണൾഡ് ട്രംപ്-പാക്കിസ്ഥാൻ സൈനിക മേധാവി അസിം മുനീർ കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണു തീരുമാനം.

ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണത്തിൽ പുതിയൊരു ഘട്ടം കുറിക്കുന്നതിന് പിന്നാലെ പാകിസ്ഥാന് അമേരിക്കയിൽനിന്ന് എഐഎം-120 അഡ്വാൻസ്ഡ് മീഡിയം-റേഞ്ച് എയർ ടു എയർ മിസൈലുകൾ ലഭിക്കുമെന്ന് യുഎസ് യുദ്ധ വകുപ്പ് ഔദ്യോഗിക പ്രസ്താവനയിൽ പറഞ്ഞു. അതേ സമയം, പാകിസ്ഥാനു നൽകുന്ന മിസൈലുകളുടെ കൃത്യമായ എണ്ണം പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടില്ല.

യുഎസ് യുദ്ധവകുപ്പ് പുറപ്പെടുവിച്ച പുതിയ ആയുധക്കരാറിൽ, റേതിയോൺ നിർമിച്ച മിസൈൽ വാങ്ങുന്നവരുടെ പട്ടികയിൽ പാക്കിസ്ഥാനെയും ഉൾപ്പെടുത്തുകയായിരുന്നു. യുകെ, ജർമിനി, ഓസ്ട്രേലിയ, ജപ്പാൻ, സൗദി അറേബ്യ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങൾക്കും അമേരിക്ക മിസൈൽ നൽകും. 2030 മേയിൽ മിസൈൽ കൈമാറുമെന്നാണ് റിപ്പോർട്ട്. യുഎസ്-പാക്കിസ്ഥാൻ ബന്ധത്തിൽ ഉണ്ടായ ശ്രദ്ധേയമായ പുരോഗതിയെത്തുടർന്നാണ് മിസൈൽ നൽകാൻ ധാരണ. കഴിഞ്ഞ മാസം വാഷിംഗ്ടൺ ഡിസിയിൽ, പാക് പ്രധാനമന്ത്രി ഷഹ്ബാസ് ഷെരീഫുമായും അസിം മുനീറുമായും യുഎസ് പ്രസിഡൻറ് കൂടിക്കാഴ്ച നടത്തിയിരുന്നു.



# നോർക്ക പി.ഒ.ഇ–ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിന് വിജയകരമായ സമാപനം

## വിദേശ കുടിയേറ്റം സുരക്ഷിതവുമാക്കാൻ സംയോജിത നടപടികൾ സ്വീകരിക്കുവാൻ ധാരണ കരട് ഓവർസീസ് മൊബിലിറ്റി ബില്ലിൽ നിർദ്ദേശങ്ങൾ അറിയിക്കുമെന്ന് മുഖ്യമന്ത്രി

വിദേശ തൊഴിൽ കുടിയേറ്റം സുഗമവും സുരക്ഷിതവുമാക്കാൻ സംയോജിത നടപടികൾ സ്വീകരിക്കുന്നതിനുള്ള ധാരണകളോടെ നോർക്ക പി.ഒ.ഇ–ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിന് തിരുവനന്തപുരത്ത് വിജയകരമായ സമാപനം.മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ റിക്രൂട്ടിംഗ് ഏജൻസികൾക്ക് പെരുമാറ്റച്ചട്ടം രൂപപ്പെടുത്തുന്നതിന്റെ ആവശ്യകത, അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കൂട്ടായ്മകൾ, സുതാര്യമായ റിക്രൂട്ട്മെന്റ് മാർഗ്ഗരേഖകൾ, റിക്രൂട്ട്മെന്റ് ഏജൻസികളും കേന്ദ്ര സംസ്ഥാന സർക്കാർ സംവിധാനങ്ങളുമായുള്ള ആശയവിനിമയം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ, അന്താരാഷ്ട്ര റിക്രൂട്ട്മെന്റുകളിലെ ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എന്നിവയും കോൺക്ലേവിൽ ചർച്ചയായി.

വിദേശരാജ്യങ്ങളിലെ ഭാവി തൊഴിൽ സാധ്യതകളും മേഖലകളും, ഗ്ലോബൽ വർക്ക്ഫോഴ്സ് ലീഡർഷിപ്പിനായുള്ള കേരളത്തിന്റെ ദർശനം, ഭാവി സാധ്യതകൾക്കായി കേരളത്തിൽ ടാലന്റ് ബേസ്, സുതാര്യവും ചൂഷണരഹിതവുമായ റിക്രൂട്ട്മെന്റ് നടപടികൾ, നയ രൂപീകരണത്തിനായുള്ള ഓപ്പൺ ഹൗസ് എന്നീ സെഷനുകൾ ഉൾപ്പെടുന്നതായിരുന്നു കോൺക്ലേവ്.
കേന്ദ്ര വിദേശകാര്യ മന്ത്രാലയ സെക്രട്ടറി (സിപിവി & ഒഐഎ) അരുൺ കുമാർ ചാറ്റർജി, മുൻ മന്ത്രി ഡോ . ടി എം തോമസ് ഐസക്, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറിമാരായ ജിന ഉയിക, സുരീന്ദർ ഭഗത്, നോർക്ക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ. ടി വി, റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയ്, ലോക കേരള സഭ സെക്രട്ടേറിയറ്റ് ഡയറക്ടർ ആസിഫ് കെ യൂസഫ് , ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ അരവിന്ദ് മേനോൻ, പ്രോട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (തിരുവനന്തപുരം & കൊച്ചി) മേജർ. ശശാങ്ക് ത്രിപാഠി, കെഡിഐഎസ്സി മെമ്പർ സെക്രട്ടറി പി.വി, ഉണ്ണികൃഷ്ണൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളശ്ശേരി, നൈപുണ്യ വികസന ഏജൻസികളിൽ നിന്നും, സംസ്ഥാനത്തെ അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നുമുള്ള പ്രതിനിധികൾ, കുടിയേറ്റ മേഖലയിലെ അന്താരാഷ്ട്ര വിദഗ്ധർ, തുടങ്ങിയവരും സംബന്ധിച്ചു.

# കെഎസ് യുഎം സ്റ്റാർട്ടപ്പായ നൊവാനിക്സ് ഇന്നൊവേഷൻസ് പ്രവർത്തനമാരംഭിച്ചു



നൊവാനിക്സ് ഇന്നൊവേഷൻസിൻറെ വെബ്സൈറ്റ് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക ഉദ്ഘാടനം ചെയ്യുന്നു. നൊവാനിക്സ് ഇന്നൊവേഷൻസ് സ്ഥാപകനും സിഇഒ യുമായ സായി ഗണേഷ് സമീപം.

തിരുവനന്തപുരം: നിർമ്മിതബുദ്ധി (എഐ) അധിഷ്ഠിത സേവനങ്ങളും ഉത്പന്നങ്ങളും ലഭ്യമാക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷന് (കെഎസ് യുഎം)കീഴിലുള്ള ഡീപ്-ടെക് സ്റ്റാർട്ടപ്പായ നൊവാനിക്സ് ഇന്നൊവേഷൻസ് പ്രവർത്തനമാരംഭിച്ചു. നൊവാനിക്സ് ഇന്നൊവേഷൻസിൻറെ വെബ്സൈറ്റ് ഉദ്ഘാടനം കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക നിർവഹിച്ചു.

സമൂഹത്തിന് ഗുണകരമാവുന്ന വിധത്തിൽ മനുഷ്യ വിഭവശേഷി ശക്തിപ്പെടുത്താൻ സഹായകമാകുന്ന എഐ അധിഷ്ഠിത സേവനങ്ങളും ഉത്പന്നങ്ങളും നൊവാനിക്സ് ഇന്നൊവേഷൻസിലൂടെ ലഭ്യമാകുമെന്നത് അഭിമാനകരമാണെന്ന് അനൂപ് അംബിക പറഞ്ഞു. മനുഷ്യ ബുദ്ധിയെയും കൃത്രിമബുദ്ധിയെയും ഒരുമിച്ച് കൊണ്ടുവരാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സായി ഗണേഷ് (സ്ഥാപകനും സിഇഒയും), മുഹമ്മദ് സലീം (സഹസ്ഥാപകനും സിഒഒയും), സയ്യിദ് ഇബ്രാഹിം (സഹസ്ഥാപകനും സിടിഒയും) എന്നിവരുടെ സംയുക്ത സംരംഭമാണ് നൊവാനിക്സ് ഇന്നൊവേഷൻസ്.

കേരള സ്റ്റാർട്ടപ്പ് മിഷൻറെ മെൻററായ ബ്രജേഷ് സി കൈമൾ ചടങ്ങിൽ പങ്കെടുത്തു.

വർഷങ്ങളായി വിഭാവനം ചെയ്ത ഒരു യാത്രയുടെ തുടക്കമാണിതെന്ന് നൊവാനിക്സ് ഇന്നൊവേഷൻസ് സ്ഥാപകനും സിഇഒ യുമായ സായി ഗണേഷ് പറഞ്ഞു. നിർമ്മിതബുദ്ധിയുടേയും മനുഷ്യബുദ്ധിയുടേയും കൂടിച്ചേരലിലൂടെ പുതുതലമുറ സാങ്കേതികവിദ്യയുടെ ഭാവി നിർവചിക്കപ്പെടും. നൊവാനിക്സിൻറെ ആദ്യ ഉത്പന്നം ഉടൻതന്നെ പുറത്തിറക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി: ഒരാഴ്ചയിൽ 45.11 കോടി രൂപയുടെ സഹായം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്ന് ഒക്ടോബർ 1 മുതൽ ഒക്ടോബർ 7 വരെയുള്ള ഒരാഴ്ചക്കാലയളവിൽ സംസ്ഥാനത്തെ 1323 ഗുണഭോക്താക്കൾക്കായി 451,128,900 രൂപ അനുവദിച്ചു. ഏറ്റവും കൂടുതൽ തുക വിതരണം ചെയ്തത് വയനാട് ജില്ലയിലാണ്. വയനാട്ടിൽ 32 ഗുണഭോക്താക്കൾക്കായി 3,99,27,700 രൂപയാണ് അനുവദിച്ചത്. ഇതിൽ, വയനാട് ടൗൺഷിപ്പ് പ്രോജക്ടിന്റെ കരാർ മൂല്യത്തിന്റെ 39.80 കോടി രൂപയുടെ മൊബിലൈസേഷൻ അഡ്വാൻസിന്റെ വിതരണവും ഉൾപ്പെടുന്നു. ഏറ്റവും കൂടുതൽ ആളുകൾക്ക് സഹായം ലഭിച്ചത് മലപ്പുറം ജില്ലയിലാണ്; ഇവിടെ 236 ഗുണഭോക്താക്കൾക്കായി 1,21,81,000 രൂപ അനുവദിച്ചു.തിരുവനന്തപുരം (113 ഗുണഭോക്താക്കൾക്ക് 27,67,000 രൂപ), കൊല്ലം (130 ഗുണഭോക്താക്കൾക്ക് 45,55,000 രൂപ), പത്തനംതിട്ട (50 ഗുണഭോക്താക്കൾക്ക് 14,02,000 രൂപ), ആലപ്പുഴ (68 ഗുണഭോക്താക്കൾക്ക് 35,20,000 രൂപ), കോട്ടയം (37 ഗുണഭോക്താക്കൾക്ക് 10,99,000 രൂപ) ഇടുക്കി (25 ഗുണഭോക്താക്കൾക്ക് 77,00,00 രൂപ), എറണാകുളം (77 ഗുണഭോക്താക്കൾക്ക് 24,55,000 രൂപ), തൃശൂർ (158 ഗുണഭോക്താക്കൾക്ക് 86,80,000 രൂപ). പാലക്കാട് (216 ഗുണഭോക്താക്കൾക്ക് 96,10,900 രൂപ), കോഴിക്കോട് (55 ഗുണഭോക്താക്കൾക്ക് 3,33,6000 രൂപ), കണ്ണൂർ (70 ഗുണഭോക്താക്കൾക്ക് 26,47,000 രൂപ) കാസറഗോഡ് (56 ഗുണഭോക്താക്കൾക്ക് 21,65,000 രൂപ) തുടങ്ങിയ ജില്ലകളിലും സി.എം.ഡി.ആർ.എഫ് വഴി സഹായം വിതരണം ചെയ്തു. പത്തനംതിട്ടയിൽ 34 ഗുണഭോക്താക്കൾക്ക് 2021 ഒക്ടോബറിലെ പ്രകൃതിദുരന്ത സഹായത്തിനായി 5,90,400 രൂപയും, തൃശ്ശൂരിൽ 4 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 40,00,000 രൂപയും, പാലക്കാട് 1 ഗുണഭോക്താവിന് ഭവന സഹായത്തിനായി 3,04,900 രൂപയും അധികമായി അനുവദിച്ചു.

# ഭിന്നശേഷി സംവരണം സംബന്ധിച്ച കൈപ്പുസ്തകം പ്രകാശനം ചെയ്തു

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച കൈപ്പുസ്തകം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. എസ് ചിത്രയ്ക്ക് നൽകി പ്രകാശനം ചെയ്തു. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനത്തിൽ സംവരണം ഉറപ്പാക്കുന്നതിനായി സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് കൈപ്പുസ്തകത്തിലുള്ളതെന്ന് മന്ത്രി പറഞ്ഞു.

1995-ലെ ജലൃീിെ ംശവേ Disabilities (PwD) Act ന്റെ സെക്ഷൻ 33, 39 എന്നിവ പ്രകാരം 3 ശതമാനവും, 2016-ലെ ഞശഴവേ ീള ജലൃീിെ ംശവേ ഉശമയശഹശശേലെ (ഞജംഉ) അരേ ന്റെ സെക്ഷൻ 34(1) പ്രകാരം 4 ശതമാനവും ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കണമെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനത്തിൽ സംവരണം ഉറപ്പാക്കേണ്ടതുണ്ട്. 1996 ഫെബ്രുവരി 7 മുതൽ 2017 ഏപ്രിൽ 18 വരെ 3% സംവരണവും, 2017 ഏപ്രിൽ 19 മുതൽ 4% സംവരണവും നടപ്പിലാക്കേണ്ടതിന്റെ വിശദാംശങ്ങൾ, ബാക്ക്ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ, റോസ്റ്റർ തയ്യാറാക്കൽ, തസ്തികകളുടെ വർഗ്ഗീകരണം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന പ്രക്രിയകൾ എന്നിവ പുസ്തകത്തിലുണ്ട്. കൂടാതെ സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിവിധ വിധിന്യായങ്ങൾ, സർക്കാർ ഉത്തരവുകൾ, ദിവസവേതന/പ്രൊവിഷണൽ നിയമനങ്ങൾ, ശമ്പള ആനുകൂല്യങ്ങൾ, റഗുലറൈസേഷൻ, മറ്റ് അവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണവും ലഭ്യമാണ്.

1503 ഭിന്നശേഷി ഉദ്യോഗാർത്ഥികളെയാണ് നിലവിൽ എയിഡഡ് സ്കൂളുകളിൽ നിയമിച്ചിരിക്കുന്നത്. 1345 ഒഴിവുകൾ എംപ്ലോയ്മെൻറിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭിന്നശേഷി സംവരണ റോസ്റ്റർ പ്രകാരം ഏഴായിരത്തോളം ഒഴിവുകളാണ് മാനേജ്മെൻറുകൾ മാറ്റി വെയ്ക്കേണ്ടത്.

സമന്വയിൽ ആകെയുള്ള 4999 മാനേജ്മെൻറുകളിൽ 1151 മാനേജ്മെന്റുകൾ മാത്രമാണ് നിലവിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തെയും നിയമനാംഗീകാരത്തെയും സംബന്ധിച്ച് വഴികാട്ടി മാത്രമാണ് കൈപ്പുസ്തകമെന്നും കൂടുതൽ വിവരങ്ങൾക്ക് അസ്സൽ ഉത്തരവുകൾ, കോടതി വിധികൾ മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും മന്ത്രി പറഞ്ഞു.

# 'സുരക്ഷിതം 3.0' അന്താരാഷ്ട്ര കോൺക്ലേവ് എറണാകുളത്ത്

സംസ്ഥാന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 10, 11 തീയതികളിൽ എറണാകുളം കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 'സുരക്ഷിതം 3.0' അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 11ന് രാവിലെ 9:30ന് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യാതിഥിയാകും.

കേരളത്തിലെ ഫാക്ടറി തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വവും തൊഴിൽ ആരോഗ്യവും ഉറപ്പുവരുത്തുന്നതിനും, സർക്കാരിന്റെ വിഷൻ 2031-ന്റെ ഭാഗമായി 2031-ഓടെ സംസ്ഥാനത്ത് വ്യവസായശാലകളിലെ തൊഴിൽ അപകടങ്ങളും തൊഴിൽജന്യരോഗങ്ങളും പൂർണമായും ഇല്ലാതാക്കുന്നതിനുമാണ് സുരക്ഷിതം 3.0 ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് ലക്ഷ്യമിടുന്നത്. തൊഴിൽ ആരോഗ്യ, തൊഴിൽ സുരക്ഷിതത്വ മേഖലയിലെ ജർമ്മനി, സ്വീറ്റ്സർലൻഡ്, നോർവേ, ഡെൻമാർക്ക്, ഫ്രാൻസ്, ആസ്ട്രേലിയ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഇരുപതോളം അന്താരാഷ്ട്ര ഫാക്കൽറ്റികളും, ഐഐടി റൂർക്കി, ഖരക്പൂർ ഉൾപ്പടെയുള്ള പ്രമുഖ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ഫാക്കൽറ്റികളും കോൺക്ലേവിൽ വിവിധ സെഷനുകൾ കൈകാര്യം ചെയ്യും. വിവിധ ഫാക്ടറികളിൽ നിന്നുള്ള തൊഴിലാളി പ്രതിനിധികളും, മാനേജ്മെന്റ് പ്രതിനിധികളും, ഉദ്യോഗസ്ഥരുമുൾപ്പെടെ എണ്ണൂറോളം പേർ പങ്കെടുക്കും.

ഫാക്ടറികളിൽ നിന്നും അപകടകരമായ വിഷവാതക ചോർച്ച ഉണ്ടാവുകയാണെങ്കിൽ പ്രദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ സംവിധാനമായ റോസേഴ്സ് (റിമോട്ട് സെൻസിംഗ് എനേബിൾഡ് കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം) ഗവേഷണ പദ്ധതിയും കോൺക്ലേവിൽ ഉദ്ഘാടനം ചെയ്യും.

ജർമൻ സോഷ്യൽ ആക്സിഡന്റ് ഇൻഷുറൻസ് ഏജൻസിയായ DGUV ജർമനി, ഇൻഡോ ജർമൻ കോ-ഓപറേഷൻ ഫോർ സേഫ്റ്റി ഹെൽത്ത് ആൻഡ് വെൽ ബീയിംഗ്, നാഷണൽ സേഫ്റ്റി കൗൺസിൽ ഓഫ് ഇന്ത്യ (കേരള ചാപ്റ്റർ) എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് 'സുരക്ഷിതം 3.0' അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

# സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 10 ന്

തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിൽ നടത്തിവരുന്ന കാർഡിയോ തൊറാസിക്ക് നഴ്സിംഗ്, ക്രിറ്റിക്കൽ കെയർ നഴ്സിംഗ്, എമർജൻസി ആൻഡ് ഡിസാസ്റ്റർ നഴ്സിംഗ്, നിയോനേറ്റൽ നഴ്സിംഗ്, നഴ്സസ് ആൻഡ് മിഡ്വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിംഗ് കോഴ്സുകൾക്ക് 2025-26 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 10 ന് എൽ.ബി.എസ് ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നടക്കും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ രാവിലെ 11 മണിക്കകം എൽ.ബി.എസിന്റെ ഏതെങ്കിലും ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം ട്യൂഷൻ ഫീസ് അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471-2560361, 362, 363, 364.

# ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ തിരുവനന്തപുരം, പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസികളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ ജൂനിയർ സൂപ്രണ്ട്/ തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. (ശമ്പള സ്കെയിൽ 43,400-91,200). മാതൃ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, കെ.എസ്.ആർ പാർട്ട്-1, റൂൾ-144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ, വകുപ്പ് മേധാവികൾ മുഖേന നൽകണം.അപേക്ഷകൾ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, ലഭിക്കണീ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, റ്റിസി43/1039, കൊച്ചാർ റോഡ്, ചെന്തിട്ട, ചാല പി ഒ, തിരുവനന്തപുരം- 36 എന്ന വിലാസത്തിൽ 31നകം ലഭിക്കണം. ഫോൺ: 0471-2464240.

# താൽപര്യപത്രം ക്ഷണിച്ചു

കേരള കള്ള് വ്യവസായ വികസന ബോർഡ് കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റസ്റ്റോറന്റ് കം ടോഡി പാർലർ പദ്ധതിയുമായി ബന്ധപ്പെട്ട് താൽപര്യപത്രം ക്ഷണിച്ചു. താൽപര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 18 ആണ്.

# പ്രവാസി കമ്മിഷൻ അദാലത്ത് 14ന് കോട്ടയത്ത്

കേരള പ്രവാസി കമ്മീഷൻ അദാലത്ത് കോട്ടയം ജില്ലയിലെ പ്രവാസികൾക്കായി ഒക്ടോബർ 14 രാവിലെ 10 മുതൽ കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. പ്രവാസികൾ നേരിടുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് പരാതി നൽകുവാനും സംവദിക്കുവാനും പ്രവാസികൾക്ക് അവസരം ഉണ്ടാകും. നേരത്തെ പരാതി നൽകിയവർക്കാണ് മുൻഗണന. പുതുതായി അപേക്ഷ നൽകുന്നവർ വിശദമായ അപേക്ഷയോടൊപ്പം ഫോൺ നമ്പർ, ഇ-മെയിൽ, പാസ്പോർട്ടിന്റെ കോപ്പി, എതിർകക്ഷികളുടെ വ്യക്തമായ പേരും, മേൽവിലാസവും, ആവശ്യമായ മറ്റ് രേഖകൾ, നാട്ടിൽ ബന്ധപ്പെടേണ്ട വിലാസം, ഫോൺ നമ്പർ എന്നിവ സഹിതം സമർപ്പിക്കണം. പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്, അംഗങ്ങളായ പി.എം. ജാബിൻ, ഡോ മാത്യൂസ് കെ. ലൂക്കോസ്, എം. എം. നഈം, ജോസഫ് ദേവസ്യ പൊൻമാങ്കൽ, സെക്രട്ടറി ജയറാം കുമാർ ആർ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.പരാതികൾ കമ്മീഷന് നേരിട്ടും, secycomns.nri@kerala.gov.in എന്ന ഇ-മെയിലിലും, "ചെയർപേഴ്സൺ, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, നോർക്ക സെന്റർ, ആറാം നില, തൈക്കാട് പി.ഒ, തിരുവനന്തപുരം 14" എന്ന വിലാസത്തിലും അയയ്ക്കാം.

# പരിശീലന ധനസഹായം: അപേക്ഷ ക്ഷണിച്ചു

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര/ യോഗ്യത പരീക്ഷാപരിശീലനങ്ങൾക്ക് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി IELTS/TOEFL/OET/NCLEX (International English Language Testing System/ Test of English as Foreign Language/ Occupational English Test/National Council Licensure Examination) എന്നീ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകളുടെ പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. www.egrantz.kerala.gov.in സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 31. വിശദവിവരങ്ങൾക്ക്: www.egrantz.kerala.gov.in, www.bcdd.kerala.gov.in വെബ്സൈറ്റുകളിലും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിലും (കൊല്ലം- 0474-2914417, എറണാകുളം- 0484-2983130, പാലക്കാട്- 0492-2222335, കോഴിക്കോട് 04952377786) ലഭിക്കും.

# സ്പെഷ്യൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

2025 ലെ പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് ആൻഡ് അലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകളുടെ പ്രവേശനത്തിനുള്ള ഏഴാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റെടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി ഒക്ടോബർ 10 നകം നിർദ്ദിഷ്ട ഫീസ് അടയ്ക്കണം. ഓൺലൈനായും ഫീസ് അടയ്ക്കാം. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടും. അലോട്ട്മെന്റ് ലഭിച്ചവർ ഫീസ് അടച്ചശേഷം വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത അലോട്ട്മെന്റ് മെമ്മോയും ഒറിജിനൽ സർട്ടിഫിക്കറ്റുകളും സഹിതം 10 നകം അതത് കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in .

# സർവീസ് സംഘടനകളുമായുള്ള യോഗം മാറ്റിവച്ചു

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ട രൂപീകരണം സംബന്ധിച്ച വിഷയം സർവീസ് സംഘടനകളുമായി ചർച്ച ചെയ്യുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 9 ന് ഉച്ചയ്ക്ക് 12 ന് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന യോഗം മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# ലോഗോ ഡിസൈൻ മത്സരം

തൃശൂർ സുവോളജിക്കൽ പാർക്ക് 'എക്സിറ്റ് ടു വൈൾ ലൈഫ് കൺസർവേഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി ലോഗോ ഡിസൈൻ മത്സരം നടത്തുന്നു.

Adobe Illustrator / Photoshop (300 DPI-Â കുറയാത്തത്), ലോഗോ (PNG) ഫോർമാറ്റിലും, A3 സൈസ് കോൺസെപ്റ്റ് ഷീറ്റ് (JPEG/PDF) ഫോർമാറ്റിലും ലോഗോ സമർപ്പിക്കണം. 15,000 രൂപ, 10,000 രൂപ, 5,000 രൂപ എന്നിങ്ങനെയാണ് മികച്ച ലോഗോയ്ക്കുള്ള സമ്മാനത്തുക. അവസാന തീയതി ഒക്ടോബർ 15.

എൻട്രികൾ അയയ്ക്കേണ്ട വിലാസം: thrissurzoologicalpark@gmail.com. വിഷയം: TZP LOGO DESIGN CONTEST ENTRY.

# അഭിമുഖം ഒക്ടോബർ 10 ന്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഒക്ടോബർ 10 രാവിലെ 10 മണിക്ക് 2 സ്വകാര്യ സ്ഥാപനങ്ങളിലെ സെയിൽസ് മാനേജർ, സെയിൽസ് ഒഫീഷ്യൽസ്, ടെക്നിഷ്യൻസ്, സർവീസ് അഡ്വൈസർ, റിസെപ്ഷനിസ്റ്റ് കാഷ്യർ, ടീം ലീഡർ എന്നീ ഒഴിവുകളിലേക്ക് അഭിമുഖം നടക്കുന്നു.

രജിസ്ട്രേഷൻ പ്രായ പരിധി 40 വയസ്, പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത്, അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ നമ്പർ : 8921916220, 04712992609

# ജർമ്മൻ ഭാഷാ പഠനം: ഗൊയ്ഥെ-സെൻട്രം വിദ്യാർത്ഥികൾക്ക് അലിയാൻസ് സർവീസസും അലിയാൻസ് ടെക്നോളജിയും ചേർന്ന് 100 സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: ജർമ്മൻ ഭാഷയിൽ പ്രാവീണ്യം നേടുന്ന മികവുറ്റ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ജർമ്മൻ മൾട്ടിനാഷണൽ കമ്പനിയായ അലിയാൻസ് എസ്ഇ, ഗൊയ്ഥെ-സെൻട്രം തിരുവനന്തപുരം കേന്ദ്രത്തിലെ വിദ്യാർത്ഥികൾക്ക് 100 സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു.

ഗൊയ്ഥെ-സെൻട്രത്തിൽ നടന്ന ചടങ്ങിൽ തിരഞ്ഞെടുത്ത എട്ട് വിദ്യാർത്ഥികൾക്ക് അലിയാൻസ് എസ്ഇ സിഇഒയും ബോർഡ് ഓഫ് മാനേജ്മെൻറ് അംഗവുമായ ബാർബറ കാറുത്ത്-സെല്ലെയും അലിയാൻസ് സർവീസസ് സിഇഒ ടുറാൻ സാഹിനും ചേർന്ന് സ്കോളർഷിപ്പ് സമ്മാനിച്ച് പദ്ധതിക്ക് തുടക്കമിട്ടു.

ജൂലിയറ്റ് മിനി സുജു, ക്രിസ്റ്റീന തോപ്പിൽ ഷിബു, നിസ്സി ജോൺ, ജിലു മാത്യു, ജീവൻ ബിനോയ്, രേഷ്മ ഗ്രേഷ്യസ് ജയന്തി, അർച്ചന ബിന്ദു സജികുമാർ, ഹന്ന സണ്ണി എന്നീ വിദ്യാർത്ഥികളാണ് ആദ്യഘട്ടത്തിൽ സ്കോളർഷിപ്പിന് അർഹരായത്.അലിയാൻസ് സർവീസസ് ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയും അലിയൻസ് സർവീസസ് ചീഫ് ഡെലിവറി ഓഫീസറുമായ ജിസൺ ജോൺ, അലിയാൻസ് സർവീസസ് ചീഫ് ഇൻഷുറൻസ് സർവീസസ് ഓഫീസർ പ്രവീൺ ശശിധരൻ, അലിയാൻസ് എസ്ഇ ഇന്ത്യ ബ്രാഞ്ച് ഹെഡ് ജയന്ത് തുൾസിയാനി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



**അലിയാൻസ് എസ്ഇ സിഇഒയും ബോർഡ് ഓഫ് മാനേജ്മെന്റ് അംഗവുമായ ബാർബറ കാറുത്ത്-സെല്ലെ, അലിയാൻസ് സർവീസസ് സിഇഒ ടുറാൻ സാഹിൻ എന്നിവർക്കൊപ്പം സ്കോളർഷിപ്പ് ലഭിച്ച ഗൊയ്ഥെ-സെൻട്രത്തിലെ വിദ്യാർത്ഥികൾ. ഗൊയ്ഥെ-സെൻട്രം തിരുവനന്തപുരം ഡയറക്ടറും ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ കേരളത്തിലെ ഓണററി കോൺസലുമായ ഡോ. സയ്യിദ് ഇബ്രാഹിം, ഗൊയ്ഥെ-സെൻട്രം ചെയർമാൻ ജി. വിജയരാഘവൻ എന്നിവർ സമീപം.**

ഗൊയ്ഥെ-സെൻട്രം തിരുവനന്തപുരം ഡയറക്ടറും ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയുടെ കേരളത്തിലെ ഓണററി കോൺസലുമായ ഡോ. സയ്യിദ് ഇബ്രാഹിം, ഗൊയ്ഥെ-സെൻട്രം ചെയർമാനും ടെക്നോപാർക്ക് സ്ഥാപക സിഇഒയുമായ ജി. വിജയരാഘവൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.2020 ലാണ് ഗൊയ്ഥെ-സെൻട്രം അലിയാൻസുമായി ബന്ധം തുടങ്ങിയതെന്നും അലിയാൻസ് സർവീസസും അലിയാൻസ് ടെക്നോളജിയും ഗൊയ്ഥെ-സെൻട്രത്തിൻറെ തിരുവനന്തപുരം ഫെസിലിറ്റി ആയ 'അലിയാൻസ് ഹോസ്' ൻറെ നിർമ്മാണത്തിൽ നിർണായക പങ്കു വഹിച്ചതായും ഡോ. സയ്യിദ് ഇബ്രാഹിം പറഞ്ഞു. ഈ ബന്ധം ദൃഢമാക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് ജർമ്മൻ ഭാഷ പഠിക്കുന്നതിനും അതിലൂടെ ജർമ്മനിയിൽ ഉന്നതവിദ്യാഭ്യാസവും കരിയറും സ്വന്തമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് കരുത്ത് പകരുന്നതിനും ഈ സ്കോളർഷിപ്പ് ഉപകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.ലോകം കൂടുതൽ വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് ജനങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന പാലമാണ് ഭാഷ. പുതിയൊരു ഭാഷ അഭ്യസിക്കുന്നത് സംസ്കാരങ്ങളെയും ജനങ്ങളെയും തമ്മിൽ ഒരുമിപ്പിക്കുമെന്ന് അലിയാൻസ് എസ്ഇ, സിഇഒയും ബോർഡ് ഓഫ് മാനേജ്മെൻറ് അംഗവുമായ ബാർബറ കാറുത്ത്-സെല്ലെ പറഞ്ഞു. കേരളത്തെയും ജർമ്മനിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന സാംസ്കാരിക വിനിമയം ശക്തിപ്പെടുത്താൻ സഹായിക്കുന്ന സ്കോളർഷിപ്പുകൾ നൽകാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു.ഗൊയ്ഥെ-സെൻട്രവുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതി ഇന്ത്യ-ജർമ്മൻ സാംസ്കാരിക ബന്ധം കൂടുതൽ ശക്തമാക്കാനും വിദ്യാഭ്യാസം, വൈവിധ്യം, ഉൾപ്പെടുത്തൽ എന്നിവയിലൂടെ കേരളത്തിലെ യുവപ്രതിഭകളെ വളർത്താനുമുള്ള സംയുക്ത ശ്രമങ്ങൾക്ക് കരുത്ത് പകരുമെന്നും അലിയാൻസ് സർവീസസ് സിഇഒ ടുറാൻ സാഹിൻ അഭിപ്രായപ്പെട്ടു.ജർമ്മനിയിൽ ഉന്നത വിദ്യാഭ്യാസവും കരിയറും ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പുകൾ വലിയ പ്രചോദനമായിരിക്കുമെന്ന് ജി. വിജയരാഘവൻ പറഞ്ഞു.

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് എൻഎബിഎൽ അംഗീകാരം

കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നിയന്ത്രണത്തിൽ ഫോറൻസിക് രാസപരിശോധനാ രംഗത്ത് പ്രവർത്തിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് എൻഎബിഎൽ അക്രഡിറ്റേഷൻ (കടഛ/കഋഇ 17025:2017) പുതുക്കി ലഭിച്ചു. തിരുവനന്തപുരത്തെ ആസ്ഥാന ലബോറട്ടറിയ്ക്കും കോഴിക്കോട്, എറണാകുളം ജില്ലകളിലെ റീജിയണൽ ലബോറട്ടറിയ്ക്കുമാണ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ 2029 വരെ എൻഎബിഎൽ അക്രഡിറ്റേഷൻ നൽകിയത്.

## സി എം റിസർച്ച് ഫെല്ലോഷിപ്പ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സി എം റിസർച്ച് ഫെല്ലോഷിപ്പിന് മാന്വൽ ആയി അപേക്ഷ നൽകാം. അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ച് 14 ന് വൈകിട്ട് 5 നകം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഓഫീസിൽ സമർപ്പിക്കണം.

## ജർമനിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട മേയർക്ക് കുത്തേറ്റു

ബെർലിൻ: പശ്ചിമ ജർമനിയിലെ ഹെർഡെക്കെയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട മേയർക്ക് കുത്തേറ്റു. 57കാരിയായ ഐറിസ് സ്റ്റാൾസറാണ് സ്വന്തം വസതിക്ക് സമീപം ആക്രമണത്തിന് ഇരയായത്. ഗുരുതരമായി പരുക്കേറ്റ ഐറിസ് തീവ്രപരിചരണ വിഭാഗത്തിലാണ്. കഴുത്തിലും വയറിലുമാണ് കുത്തേറ്റതെന്നാണ് റിപ്പോർട്ടുകൾ. തെരുവിൽ നടക്കുമ്പോൾ പെട്ടെന്ന് ഒരു സംഘം യുവാക്കൾ ഇവർക്കരികിലെത്തി ആക്രമിക്കുകയായിരുന്നു എന്നാണ് വിവരം. ചൊവ്വാഴ്ച ഉച്ചയോടെയാണ് അക്രമം നടന്നത്. കുത്തേറ്റ ശേഷം സ്റ്റാൾസർ വലിഞ്ഞിഴഞ്ഞ് വസതിയിൽ അഭയം തേടുകയായിരുന്നെന്ന് മകൻ മൊഴി നൽകിയതായി വാർത്താ ഏജൻസി റിപ്പോർട്ടു ചെയ്തു.

ആക്രമണത്തിന്റെ കാരണം വ്യക്തമല്ലെന്നും അക്രമികളെ കണ്ടെത്താൻ അന്വേഷണം ഊർജിതമാക്കിയെന്നും പോലീസ് അറിയിച്ചു.

## കെമിസ്റ്റ് ഒഴിവ്

തൃശൂർ സർക്കാർ എൻജിനിയറിംഗ് കോളേജിൽ സിവിൽ എൻജിനിയറിംഗ് വിഭാഗത്തിലെ കെമിസ്റ്റ് ഒഴിവിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിനുള്ള പരീക്ഷ/കൂടിക്കാഴ്ച ഒക്ടോബർ 13 രാവിലെ 10 ന് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: www.gectcr.ac.in

# കൈവിട്ടു കുതിച്ച് പൊന്ന്; ചരിത്രത്തിലാദ്യമായി 90,000 കടന്നു, ഒറ്റയടിക്ക് കൂടിയത് 840 രൂപ

കൊച്ചി: ആഭരണപ്രേമികളുടെ മനസിൽ തീകോരിയിട്ട് സംസ്ഥാനത്ത് ചരിത്രത്തിൽ ആദ്യമായി പവൻ വില 90, 000 രൂപ കടന്നു. പവന് ഒറ്റയടിക്ക് 840 രൂപയും ഗ്രാമിന് 105 രൂപയുമാണ് ഇന്ന് ഉയർന്നത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 90, 320 രൂപയിലും ഗ്രാമിന് 11,290 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 90 രൂപ ഉയർന്ന് 9,290 രൂപയിലെത്തി. നാലുദിവസമായി കുതിച്ചുയരുന്ന സ്വർണവില തിങ്കളാഴ്ചയാണ് 88,000 കടന്നത്. പവന് ഒറ്റയടിക്ക് 1,000 രൂപയാണ് വർധിച്ചത്. പിന്നാലെ ചൊവ്വാഴ്ച പവന് 920 രൂപ ഒറ്റയടിക്ക് വർധിച്ചതോടെ പവന് 89,000 കടക്കുകയായിരുന്നു.

ഈ മാസം തുടക്കത്തിൽ സ്വർണക്കുതിപ്പ് ദൃശ്യമായിരുന്നു. ഒന്നിന് ചരിത്രത്തിലാദ്യമായി 87,000 പിന്നിട്ട സ്വർണവില പിന്നീട് താഴേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. രണ്ടു ദിവസത്തിനിടെ 880 രൂപയുടെ ഇടിവാണുണ്ടായത്. പിന്നാലെ നാലിന് വീണ്ടും 87,000 പിന്നിട്ട സ്വർണം ആറിന് 88,000 രൂപയും ഏഴിന് 89,000 രൂപയും എട്ടിന് 90, 000 രൂപയുമെന്ന നാഴികക്കല്ലും പിന്നിടുകയായിരുന്നു.

ഈ മാസം ഇതുവരെ മാത്രം കേരളത്തിൽ പവന് 4,200 രൂപയും ഗ്രാമിന് 525 രൂപയും ഉയർന്നു. 2025ൽ ഇതുവരെ പവന് 33,440 രൂപയും ഗ്രാമിന് 4,180 രൂപയുമാണ് കൂടിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു. ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു. ജൂലൈ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ആ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു.

പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു. 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമായിരുന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ താഴേക്കുപോകുന്നതാണ് കണ്ടത്.

ഓഗസ്റ്റ് തുടക്കത്തിൽ സ്വർണവില വീണ്ടും കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. എട്ടിന് ഗ്രാമിന് 9,470 രൂപയും പവന് 75,760 രൂപയുമെന്ന റിക്കാർഡ് ഉയരത്തിലെത്തി. പിന്നീട് 12 ദിവസത്തിനിടെ 2,300 രൂപ കുറഞ്ഞ് ഇടിവോടെയാണ് മാസം അവസാനിപ്പിച്ചത്.

സെപ്റ്റംബർ ഒന്നിനാണ് സ്വർണവില 77,000 കടന്നത്. പിന്നീട്, മൂന്നിന് ചരിത്രത്തിലാദ്യമായി 78,000 രൂപ പിന്നിട്ടു. ആറിന് 79,000 കടന്ന സ്വർണവില ഒമ്പതിന് 80, 000 രൂപയും പത്തിന് 81,000 രൂപയും 16ന് 82,000 രൂപയും പിന്നിട്ടു. വൻകുതിപ്പ് ദൃശ്യമായ 23ന് രണ്ടുതവണയായി 1,920 രൂപ കൂടിയതോടെ ഒരേ ദിവസം 83,000 രൂപയും 84,000 രൂപയും പിന്നിട്ട് ചരിത്രംകുറിച്ചു. പിന്നീട് ഒരാഴ്ചത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും കുതിച്ച സ്വർണം 29ന് 85,000 രൂപ പിന്നിടുകയും 30ന് 86,000 രൂപയെന്ന പുതിയ ഉയരം കുറിക്കുകയുമായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. രാജ്യാന്തര വില ഔൺസിന് 4,000 ഡോളർ എന്ന നിർണായക 'മാന്ത്രികസംഖ്യ' ഭേദിച്ചു. 38 ഡോളർ ഉയർന്ന് 4,018 ഡോളറിലാണ് ഇപ്പോൾ വ്യാപാരം. ഈ വർഷത്തിന്റെ തുടക്കത്തിൽ 2,500 ഡോളർ ആയിരുന്നു വില. യുഎസിൽ ട്രംപ് ഭരണകൂടം സ്തംഭനത്തിലേക്ക് വീണതോടെയാണ് (ഷട്ട്ഡൗൺ) സ്വർണവില വീണ്ടും കുതിച്ചുയരുന്നത്.

അതേസമയം, വെള്ളിയും റിക്കാർഡിലാണ്. ഒരു ഗ്രാം 916 ഹാൾമാർക്ക് വെള്ളിക്ക് രണ്ടുരൂപ കൂടി 163 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## ഭൂട്ടാൻ വാഹനക്കടത്ത്; മമ്മൂട്ടിയുടെയും ദുൽഖറിന്റെയും വീടുകളടക്കം 17 ഇടങ്ങളിൽ ഇഡി റെയ്ഡ്

കൊച്ചി: ഭൂട്ടാൻ വാഹനക്കടത്തുമായി ബന്ധപ്പെട്ട് കസ്റ്റംസ് പരിശോധനയ്ക്കു പിന്നാലെ ചലച്ചിത്ര താരങ്ങളുടെ വീട്ടിൽ പരിശോധനയുമായി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റും (ഇഡി). നടന്മാരായ മമ്മൂട്ടി, ദുൽഖർ സൽമാൻ, പൃഥ്വിരാജ്, അമിത് ചക്കാലക്കൽ എന്നിവരുടെ വീടുകളിലാണ് ഇന്ന് രാവിലെ ഏഴു മുതൽ ഒരേസമയം ഇഡി റെയ്ഡ് നടക്കുന്നത്.

മമ്മൂട്ടിയുടെ പനമ്പിള്ളി നഗറിലെ വീട്ടിലും ദുൽഖർ സൽമാന്റെ എളംകുളത്തേയും ചെന്നൈയിലേയും വീടുകളിലും, പൃഥ്വിരാജ്, അമിത് ചക്കാലക്കൽ എന്നിവരുടെ വീടുകളിലുമാണ് നിലവിൽ ഇഡി റെയ്ഡ് തുടരുകയാണ്.

കോയമ്പത്തൂർ ഉൾപ്പെടെ 17 ഇടങ്ങളിലാണ് ഒരേ സമയം പരിശോധന. അഞ്ച് ജില്ലകളിലായി വാഹന ഡീലർമാരുടെ വീടുകളിലും പരിശോധന നടക്കുന്നുണ്ട്. പ്രാഥമിക പരിശോധനയിൽ ഫെമ നിയമ ലംഘനം കണ്ടെത്തിയതായാണ് ലഭ്യമാകുന്ന വിവരം.

മമ്മൂട്ടി ഹൗസ് എന്ന് അറിയപ്പെടുന്ന മമ്മൂട്ടിയുടെ പഴയ വീട്ടിലും മമ്മൂട്ടിയും ദുൽഖറും ഇപ്പോൾ താമസിക്കുന്ന എളംകുളത്തെ വീട്ടിലുമാണ് റെയ്ഡ്. ദുൽഖർ സൽമാന്റെ ചെന്നൈയിലെ വീട്ടിലും കൊച്ചിയിൽ നിന്നുള്ള ഇഡി ഉദ്യോഗസ്ഥരാണ് പരിശോധന നടത്തുന്നത്. മമ്മൂട്ടി ഹൗസ് ഇപ്പോൾ ലീസിന് നൽകിയിരിക്കുകയാണ്.

ഓപ്പറേഷൻ നുംഖോറിന്റെ ഭാഗമായി കസ്റ്റംസ് ദുൽഖർ സൽമാന്റെ മൂന്നു വാഹനങ്ങൾ പിടിച്ചെടുത്തിരുന്നു. പിടിച്ചെടുത്ത ഈ വാഹനങ്ങൾ വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ദുൽഖർ കോടതിയെ സമീപിച്ചിരുന്നു. വാഹനങ്ങൾ വിട്ടു നൽകണമെന്ന് ഹൈക്കോടതി ഇന്നലെ ഉത്തരവിടുകയും ഉണ്ടായി.

വാഹനം വിട്ടുനൽകണമെന്ന നടന്റെ ആവശ്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്നായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്. വ്യക്തികൾക്കെതിരേ തെളിവുകൾ ഇല്ലാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്നും കസ്റ്റംസിനോട് ഹൈക്കോടതി പറഞ്ഞിരുന്നു.

ഇന്ത്യയിലേക്ക് ഭൂട്ടാൻ, നേപ്പാൾ റൂട്ടുകളിലൂടെ ലാൻഡ് ക്രൂയിസർ, ഡിഫൻഡർ തുടങ്ങിയ ആഡംബര കാറുകളുടെ നിയമവിരുദ്ധ ഇറക്കുമതിയിലും രജിസ്ട്രേഷനിലും ഏർപ്പെട്ടിരിക്കുന്ന ഒരു സിൻഡിക്കേറ്റിനെ കുറിച്ചുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡ് എന്നാണ് ഇഡി നൽകുന്ന വിവരം.

## നാഗസ്ത്രീയായി മാറി ഭാര്യയുടെ ഉപദ്രവം; അദാലത്തിൽ പരാതിയുമായി ഭർത്താവ്

ലഖ്നോ: നാഗസ്ത്രീയായി മാറി ഭാര്യ ഉപദ്രവിക്കുകയാണെന്നും രക്ഷിക്കണമെന്നുമാവശ്യപ്പെട്ട് മജിസ്ട്രേറ്റിനു മുന്നിൽ പരാതിയുമായി ഭർത്താവ്. യുപിയിലെ സീതാപുർ ജില്ലയിൽ മിറാജാണ് ജില്ല ഭരണകൂടത്തിന്റെ അദാലത്തിൽ പരാതിയുമായെത്തിയത്. രാത്രിയാകുന്നതോടെ തന്റെ ഭാര്യ നസിമുൻ നാഗസ്ത്രീയായി മാറുകയാണെന്നാണ് ഇയാളുടെ വാദം. സർപ്പത്തെ പോലെ ശബ്ദമുണ്ടാക്കുകയും തന്നെ ഭയപ്പെടുത്തുകയും ചെയ്യുകയാണെന്നും ഇതുസംബന്ധിച്ച് നിരവധി തവണ പോലീസിൽ പരാതി നൽകിയിട്ടും അവർ ഇടപെടാൻ തയാറാകാത്തതിനെ തുടർന്നാണ് മജിസ്ട്രേറ്റിനെ കണ്ടതെന്നും ഇയാൾ പറയുന്നു. സ്ത്രീധനത്തിന്റെ പേരിൽ തന്നെ ഒഴിവാക്കി ഭർത്താവ് മറ്റൊരു വിവാഹം കഴിക്കാനുള്ള നീക്കത്തിലാണെന്നും അതിന്റെ ഭാഗമായാണ് പരാതിയെന്നും ഇയാളുടെ ഭാര്യ നസിമുൻ സംഭവം വിശദീകരിച്ച് വിഡിയോ പുറത്തുവിട്ടു. സ്ത്രീധനത്തിന്റെ പേരിൽ തന്നെ ഇയാൾ നിരന്തരം ഉപദ്രവിക്കുകയാണെന്നും നാലുമാസം ഗർഭിണിയായ തന്റെ ഒരു കാര്യങ്ങളും ശ്രദ്ധിക്കുന്നില്ലെന്നും ഇവർ പറഞ്ഞു.

## തമിഴ്നാട്ടിൽ വ്യാജ സർട്ടിഫിക്കറ്റ് നിർമിച്ച് മെഡിക്കൽ പ്രവേശനം; വിദ്യാർഥിനിയും മാതാപിതാക്കളും പിടിയിൽ

ചെന്നൈ: തമിഴ്നാട് ദിണ്ടിഗല്ലിൽ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി മെഡിക്കൽ പ്രവേശനം നേടിയ വിദ്യാർഥിനിയും മാതാപിതാക്കളും പിടിയിൽ. ദിണ്ടിഗൽ പഴനി സ്വദേശിനി കാരുണ്യ ശ്രീദർശിനി (19), മാതാപിതാക്കളായ സോക്കനാഥർ, വിജയ മുരുകേശ്വരി എന്നിവരാണ് പിടിയിലായത്.

കാരുണ്യ ശ്രീദർശിനിക്ക് നീറ്റ് പരീക്ഷയിൽ 228 മാർക്കാണ് ലഭിച്ചത്. എന്നാൽ 456 മാർക്ക് നേടിയതായി വ്യാജ സർട്ടിഫിക്കറ്റ് നിർമിച്ച് ഹാജരാക്കുകയായിരുന്നു പെൺകുട്ടിയും കുടുംബവും. കാരുണ്യയുടെ പിതാവ് സോക്കനാഥർ സർക്കാർ ലാൻഡ് സർവേയർ ആണ്.

ദിണ്ടിഗൽ മെഡിക്കൽ കോളജിൽ 456 മാർക്ക് രേഖപ്പെടുത്തിയ വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പെൺകുട്ടി പ്രവേശനം നേടുകയായിരുന്നു. തുടർന്ന് കോളജ് കോളേജ് വിദ്യാർഥികളുടെ പട്ടിക ചെന്നൈയിലെ ഡയറക്ടറേറ്റിലേക്ക് അയച്ചപ്പോഴാണ് സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയത്.

ഇതേ തുടർന്ന് പോലീസിന് ലഭിച്ച പരാതിയിലാണ് പെൺകുട്ടിയെയും മാതാപിതാക്കളെയും അറസ്റ്റ് ചെയ്തത്. അന്വേഷണത്തിൽ തട്ടിപ്പിൽ മാതാപിതാക്കൾക്കും പങ്കുള്ളതായി പോലീസ് കണ്ടെത്തിയിരുന്നു.

### ഡോക്ടർക്ക് എതിരേയുണ്ടായ ആക്രമണം അത്യന്തം അപലപനീയം, ഞെട്ടിപ്പിക്കുന്നത്: മന്ത്രി വീണാ ജോർജ്

താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർക്ക് എതിരേയുണ്ടായ ആക്രമണം അത്യന്തം അപലപനീയമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മനുഷ്യ മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. ശക്തമായ നിയമ നടപടി സ്വീകരിക്കും.

## രാജസ്ഥാനിൽ കാർ മരത്തിലിടിച്ച് അപകടം; ഡ്രൈവർ രക്ഷപ്പെട്ടു

ജയ്പുർ: രാജസ്ഥാനിലെ ഫാഗി ടൗണിൽ കാർ മരത്തിലിടിച്ച് അപകടം. മരത്തിലിടിച്ചതിന് ശേഷം കാറിന് തീപിടിച്ചു.

കാറിലുണ്ടായിരുന്ന ഡ്രൈവർ പരിക്കുകളില്ലാത്തെ രക്ഷപ്പെട്ടു. ചൊവ്വാഴ്ച രാത്രിയാണ് അപകടമുണ്ടായത്. ഫാഗി ടൗണിൽ വച്ച് നിയന്ത്രണം വിട്ട കാർ ആര്യവേപ്പ് മരത്തിലിടിക്കുകയായിരുന്നു. തുടർന്ന് കാറിന് തീപിടിച്ചു.

കാർ പൂർണമായും കത്തിനശിച്ചു. ഉപമുഖ്യമന്ത്രി പ്രേം ചന്ദ് ഭൈര്വ അപകടസ്ഥലം സന്ദർശിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 'കേരളത്തെ സഹായിക്കാൻ താത്പര്യമില്ലെങ്കിൽ അക്കാര്യം തുറന്ന് പറയണം': കേന്ദ്രത്തിന്റെ ചിറ്റമ്മ നയം പ്രോത്സാഹിപ്പിക്കാനാവില്ലെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളില്ലെന്ന കേന്ദ്ര സർക്കാർ നിലപാടിനെതിരേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. കാരുണ്യമല്ല തേടുന്നതെന്നും ചിറ്റമ്മ നയം വേണ്ടെന്നും കേന്ദ്രത്തോട് ഹൈക്കോടതി പറഞ്ഞു. കേരളത്തെ സഹായിക്കാൻ താത്പര്യമില്ലെങ്കിൽ അക്കാര്യം തുറന്ന് പറയണമെന്നും ഹൈക്കോടതി ആഞ്ഞടിച്ചു.

മുണ്ടക്കൈ- ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് സ്വമേധയാ സ്വീകരിച്ച ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. ബാങ്ക് വായ്പ എഴുതിത്തള്ളാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്നും വായ്പ എഴുതിത്തള്ളൽ കേന്ദ്രത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ള കാര്യമാണെന്നും കാണിച്ച് കേന്ദ്ര സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാംഗ്മൂലത്തിനെതിരെയാണ് വിമർശനം.

വായ്പകൾ എഴുതിത്തള്ളുന്നതിൽ ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ച കേന്ദ്ര സർക്കാരിന്റെ മറുപടിയോട് 'ഫൻറാസ്റ്റിക്' എന്നാണ് പരിഹാസ രൂപേണ ഹൈക്കോടതി പ്രതികരിച്ചത്. കേന്ദ്ര സർക്കാരിന് അധികാരമില്ലെന്ന് പറയാനാവില്ലെന്ന് ആവർത്തിച്ച ഹൈക്കോടതി, വായ്പ എഴുതിത്തള്ളാൻ മനസുണ്ടോയെന്നതാണ് പ്രശ്നമെന്നും എഴുതിത്തള്ളാനാവില്ലെന്ന് കേന്ദ്രത്തിന് പറയാനാവില്ലെന്നും പറഞ്ഞു.

വായ്പ എഴുതിതള്ളുന്നതിന് ഭരണഘടനയിൽ വ്യവസ്ഥയുണ്ടെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആരെയാണ് നിങ്ങൾ വിഡ്ഢികളാക്കാൻ ശ്രമിക്കുന്നത്. ഭരണഘടന വായിച്ചിട്ട് വരൂവെന്നും ഉദ്യോഗസ്ഥർ ഭരണഘടന വായിച്ചിട്ടില്ലേ എന്നും കോടതി ചോദിച്ചു.

ഗുജറാത്ത്, രാജസ്ഥാൻ ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്രം സഹായം നൽകി. സഹായിക്കാൻ തയാറല്ലെങ്കിൽ അത് ജനങ്ങളോട് പറയൂ. കാരുണ്യമല്ല തേടുന്നതെന്നും കേന്ദ്രത്തോട് ഹൈക്കോടതി പറഞ്ഞു. കേന്ദ്ര സർക്കാർ നിലപാട് അങ്ങേറ്റയറ്റം അസ്വസ്ഥതപ്പെടുത്തുന്നതെന്നു പറഞ്ഞ കോടതി കേന്ദ്ര സർക്കാർ പരിധിയിലുള്ള ബാങ്കുകളുടെ വിവരങ്ങൾ കൈമാറാൻ നിർദേശിച്ചു. ഇത് ഒന്നിന്റെയും അവസാനമല്ലെന്ന് പറഞ്ഞ ഹൈക്കോടതി, ഇതാണ് മനോഭാവമെങ്കിൽ കടുത്ത നിലപാട് സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാരിന് മുന്നറിയിപ്പ് നൽകി.

ഇതിനുശേഷം ബാങ്കുകളുടെ വായ്പ ഈടാക്കൽ നടപടികൾ ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തു, ദുരിതബാധിതർക്കെതിരായ വായ്പ വീണ്ടെടുപ്പ് നടപടികൾക്ക് വിലക്കേർപ്പെടുത്തി. ബാങ്കുകളെ കേസിൽ കക്ഷികളായി ചേർക്കാനും വായ്പ എഴുതിത്തള്ളൽ സംബന്ധിച്ച തങ്ങളുടെ നിലപാട് കോടതിയെ അറിയിക്കാനും ഹൈക്കോടതി നിർദേശിച്ചു. ജസ്റ്റീസ് എ. കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റീസ് ജോബിൻ സെബാസ്റ്റ്യൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്നും കേന്ദ്രത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ള കാര്യമാണെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാംഗ്മൂലത്തിൽ പറയുന്നത്. പൊതുമേഖലാ ബാങ്കുകൾക്ക് കേന്ദ്ര ധനകാര്യമന്ത്രാലയം നയ- നിർദേശങ്ങൾ മാത്രമാണ് നൽകുന്നത്. തീരുമാനമെടുക്കേണ്ടത് അതത് ബാങ്കുകളുടെ ഡയറക്ടർ ബോർഡാണ്. ബാങ്കുകൾ സ്വതന്ത്ര സംവിധാനമാണെന്നും കേന്ദ്രം സത്യവാംഗ്മൂലത്തിൽ വ്യക്തമാക്കി. ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളുന്നതിൽ കേന്ദ്രത്തോട് നിലപാട് അറിയിക്കാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. മൂന്നാഴ്ചത്തെ സാവകാശമാണ് കഴിഞ്ഞ തവണ ഹൈക്കോടതി ഈ ഈ കേസ് പരിഗണിച്ചപ്പോൾ കേന്ദ്രം ആവശ്യപ്പെട്ടത്.



ഭിന്നശേഷി സംവരണം സംബന്ധിച്ച കൈപ്പുസ്തകം മന്ത്രി വി ശിവൻകുട്ടി പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. എസ് ചിത്രയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു

# വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളില്ല: ഹൈക്കോടതിയിൽ സത്യവാംഗ്മൂലം നല്കി കേന്ദ്രം

കൊച്ചി: വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയിൽ. വായ്പ എഴുതിത്തള്ളൽ കേന്ദ്രത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ള കാര്യമാണെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാംഗ്മൂലത്തിൽ പറയുന്നത്.

മുണ്ടക്കൈ- ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് സ്വമേധയാ സ്വീകരിച്ച ഹർജി ഇന്ന് ഹൈക്കോടതിയുടെ പരിധിയിൽ വരാനിരിക്കെയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സത്യവാംഗ്മൂലം സമർപ്പിച്ചത്.

പൊതുമേഖലാ ബാങ്കുകൾക്ക് കേന്ദ്ര ധനകാര്യമന്ത്രാലയം നയ- നിർദേശങ്ങൾ മാത്രമാണ് നൽകുന്നത്. തീരുമാനമെടുക്കേണ്ടത് അതത് ബാങ്കുകളുടെ ഡയറക്ടർ ബോർഡാണ്. ബാങ്കുകൾ സ്വതന്ത്ര സംവിധാനമാണെന്നും കേന്ദ്രം സത്യവാംഗ്മൂലത്തിൽ വ്യക്തമാക്കി. ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളുന്നതിൽ കേന്ദ്രത്തോട് നിലപാട് അറിയിക്കാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. മൂന്നാഴ്ചത്തെ സാവകാശമാണ് കഴിഞ്ഞ തവണ ഹൈക്കോടതി ഈ ഈ കേസ് പരിഗണിച്ചപ്പോൾ കേന്ദ്രം ആവശ്യപ്പെട്ടത്.

അതേസമയം, മുണ്ടക്കൈ -ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് ഇന്നു വീണ്ടും പരിഗണിക്കും. ജസ്റ്റീസ് എ. കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റീസ് ജോബിൻ സെബാസ്റ്റ്യൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിക്കുക. കഴിഞ്ഞ തവണ കേന്ദ്ര സർക്കാർ പറഞ്ഞത് ഡിസാസ്റ്റർ മാനേജ്മെൻറുമായി ബന്ധപ്പെട്ടിട്ടുള്ള ചില ചട്ടങ്ങൾ ഭേദഗതിപ്പെടുത്തിയത് കൊണ്ട് വായ്പകൾ എഴുതി തള്ളുക എന്നുള്ളത് പ്രയാസമുള്ള കാര്യമായിരിക്കും എന്നാണ്. അതേസമയം കേന്ദ്രം സഹായിക്കുന്നില്ല എന്നുണ്ടെങ്കിൽ അക്കാര്യത്തിൽ കൃത്യമായ ഇടപെടൽ ഉണ്ടാകും എന്ന് റവന്യൂ മന്ത്രി അടക്കം വ്യക്തമാക്കിയിട്ടുണ്ട്.

# ന്യൂ മാഹി ഇരട്ടകൊലക്കേസ്: കൊടി സുനി അടക്കം 14 പ്രതികളെ വെറുതെവിട്ട് കോടതി

കണ്ണൂർ: ന്യൂ മാഹി ഇരട്ടകൊലക്കേസിൽ എല്ലാ പ്രതികളെയും വെറുതെ വിട്ട് കോടതി. ആർഎസ്എസ് പ്രവർത്തകരായ വിജിത്ത്, ഷിനോജ് എന്നിവർ കൊല്ലപ്പെട്ട കേസിലാണ് സിപിഎം പ്രവർത്തകരായ 16 പ്രതികളെയും വെറുതെ വിട്ടത്. കേസിലെ രണ്ടു പ്രതികൾ വിചാരണക്കിടെ മരിച്ചിരുന്നു. കേസിൽ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളായ കൊടി സുനി, മുഹമ്മദ് ഷാഫി, ഷിനോജ് എന്നിവരും പ്രതികളാണ്. ഇവർക്കു പുറമെ സുജിത്ത്, ടി. കെ. സുമേഷ്, ഷെമീൽ, ഷമ്മാസ്, അബ്బാസ്, രാഹുൽ, വിനീഷ്, വിജിത്ത്, ഫൈസൽ, സരീഷ്, സജീർ എന്നിവരെയാണ് കോടതി വെറുതെ വിട്ടത്.

പ്രതികൾക്കെതിരെ ചുമത്തിയ കുറ്റം പ്രോസിക്യൂഷന് തെളിയിക്കാൻ കഴിഞ്ഞില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് തലശേരി അഡീഷണൽ സെഷൻസ് ഫാസ്റ്റ് ട്രാക്ക്-3 കോടതി പ്രതികളെ വെറുതെ വിട്ടത്. പബ്ലിക് പ്രോസിക്യൂട്ടറായി പ്രേമരാജനാണ് ഹാജരായത്. പ്രതികൾക്ക് വേണ്ടി സി. കെ. ശ്രീധരനും കെ. വിശ്വനും ഹാജരായി.

2010 മേയ് 28ന് രാവിലെ പതിനൊന്നിനാണ് കേസിനാസ്പദമായ സംഭവം. ബിജെപി-ആർഎസ്എസ് പ്രവർത്തകരായ ഈസ്റ്റ് പള്ളൂരിലെ മടോൻ പുറൽകണ്ടി വിജിത്ത് (25), കുറുന്തോടത്ത് ഷിനോജ് (32) എന്നിവരെയാണ് ബോംബെറിഞ്ഞും വെട്ടിയും കൊലപ്പെടുത്തിയത്. കഴിഞ്ഞ ജനുവരിയിലാണ് കേസിന്റെ വിചാരണ ആരംഭിച്ചത്. മൂന്ന് ഉദ്യോഗസ്ഥരാണ് കേസ് അന്വേഷിച്ചത്. ടി. പി. കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായ ഷൗക്കത്താണ് കുറ്റപത്രം സമർപ്പിച്ചത്.

14 ദിവസമാണ് കേസിൽ കോടതിയിൽ വിസ്താരം നടന്നത്. വിചാരണയുടെ അടിസ്ഥാനത്തിൽ പ്രതികളെ കോടതി ചോദ്യം ചെയ്തിരുന്നു. 44 സാക്ഷികളെയാണ് വിസ്തരിച്ചത്. 140 രേഖകൾ മാർക്ക് ചെയ്തു. 63 തൊണ്ടി മുതലുകൾ ഹാജരാക്കി. വിചാരണ വേളയിൽ പ്രതികളെയും കൊലയ്ക്ക് ഉപയോഗിച്ച ആയുധങ്ങളും ഷിനോജ് സഞ്ചരിച്ച ബൈക്കും കൊല്ലപ്പെട്ടവരുടെ ചോര പുരണ്ട വസ്ത്രങ്ങളും സാക്ഷികൾ കോടതിയിൽ തിരിച്ചറിഞ്ഞിരുന്നു. ടി. പി ചന്ദ്രശേഖരൻ കേസിലെ പ്രതികളായ കൊടി സുനിയും ഷാഫിയും ഉൾപ്പെടെയുള്ള മുഴുവൻ പ്രതികളും വിചാരണ വേളയിൽ കോടതിയിൽ ഹാജരായിരുന്നു.

# എന്റെ സ്കൂൾ എന്റെ അഭിമാനം – റീൽസ് മത്സരം ഒക്ടോബർ പതിനാല് വരെ നീട്ടി

വിദ്യാലയ മികവുകൾ കണ്ടെത്തുന്നതിനും സംസ്ഥാനത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് വീഡിയോ നിർമ്മാണ പരിശീലനത്തിനുമായി നടത്തുന്ന പ്രത്യേക റീൽസ് മത്സരത്തിലേയ്ക്കുള്ള എൻട്രി അയക്കേണ്ട അവസാന തീയതി ഒക്ടോബർ പതിനാല് വരെയാക്കി നീട്ടി. 'എന്റെ സ്കൂൾ എന്റെ അഭിമാനം' എന്നതാണ് റീൽസ് മത്സരത്തിന്റെ വിഷയം. സ്കൂളിന്റെ മികവ്, വ്യത്യസ്തമായ പ്രവർത്തനങ്ങൾ, അക്കാദമിക് മാതൃകകൾ, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിനിയോഗം തുടങ്ങിയവയാണ് വിഷയമാക്കേണ്ടത്. തിരഞ്ഞെടുക്കുന്ന 100 റീലുകൾക്ക് 5,000 രൂപ വീതം സമ്മാനം ലഭിക്കും.

ഒരു സ്കൂളിനെക്കുറിച്ച് 90 സെക്കന്റിൽ കൂടാത്തവിധം വേണം റീലുകൾ തയ്യാറാക്കേണ്ടത്. റീലുകൾ സ്കൂളിന്റെ സാമൂഹിക മാധ്യമ പേജിൽ(ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക്) പോസ്റ്റ് ചെയ്ത് കൈറ്റ് വിക്ടേഴ്സ് ചാനലിനെ ടാഗ് ചെയ്യണം. ◌എന്റെ സ്കൂൾ എന്റെ അഭിമാനം, #MySchoolMyPride, #victerseduchannel എന്നീ ഹാഷ്ടാഗുകളിൽ വേണം അവരവരുടെ പേജിൽ പോസ്റ്റ് ചെയ്യാൻ. വെർട്ടിക്കലായി വേണം ഷൂട്ട് ചെയ്യാൻ. റീലുകൾ 50 ങആ ശെല ൽ കൂടാത്തവിധം ങജ4 ഫോർമാറ്റിൽ ആയിരിക്കണം അപ്ലോഡ് ചെയ്യേണ്ടത്. വീഡിയോയുടെ ഫയൽ നെയിമിൽ ആദ്യം ജില്ലയുടെ പേരും പിന്നെ സ്കൂൾ കോഡും ചേർന്നാവണം നൽകേണ്ടത് (ഉദാ: ഗവ. എച്ച്.എസ്.എസ് പനമറ്റം, കോട്ടയം തയ്യാറാക്കുന്ന ഒന്നാമത്തെ റീലിന്റെ ഫയൽ നെയിം - Kottayam32065_1). ഇതിനോടൊപ്പം വിക്ടേഴ്സ് ചാനലിന്റെ 8714323499 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് റീലുകൾ അയയ്ക്കേണ്ടതാണ്. കൈറ്റ് ജില്ലാ ഓഫീസുകൾ/കൈറ്റിന്റെ വെബ്സൈറ്റ് മുഖേന ലഭ്യമാക്കുന്ന എൻഡ് കാർഡ് ആയിരിക്കണം വീഡിയോയുടെ അവസാനം ഉപയോഗിക്കേണ്ടത്. വിവരങ്ങൾ കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) ലഭിക്കും.

## കോട്ട പരദേവതാ ക്ഷേത്രത്തിലെ സ്വർണം കാണാതായ സംഭവം; മുൻ എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ പരാതി

കോഴിക്കോട്: മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കോഴിക്കോട് ബാലുശേരി കോട്ട പരദേവതാ ക്ഷേത്രത്തിലെ സ്വർണ ഉരുപ്പടികൾ ഇന്ന് കൈമാറിയില്ലെങ്കിൽ ക്ഷേത്രം മുൻ എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ പരാതി നൽകാനൊരുങ്ങി ക്ഷേത്രം ഭാരവാഹികൾ. കാണിക്കയായി ലഭിച്ച 20 പവനോളം സ്വർണമാണ് ക്ഷേത്രത്തിൽ നിന്ന് കാണാതായത്.

ടി. ടി. വിനോദ് കുമാർ ബാലുശേരി കോട്ട പരദേവത ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന 2016 മുതൽ ഏഴുവർഷത്തെ കാലയളവിൽ കാണിക്കയായി ലഭിച്ച 20 പവനോളം സ്വർണമാണ് കാണാതായെന്ന് പരാതി ഉയർന്നിരിക്കുന്നത്. 2023ൽ വിനോദ് കുമാർ സ്ഥലം മാറി പോയശേഷം ഇതുമായി ബന്ധപ്പെട്ട കണക്കുകൾ പിന്നീട് വന്ന ഓഫീസർമാർക്ക് കൈമാറിയിരുന്നില്ല. 57.37 പവൻ സ്വർണമാണ് വിനോദ് കുമാറിന് മുൻ ഓഫീസർ കൈമാറിയത്. തുടർന്ന് ഇപ്പോഴത്തെ എക്സിക്യൂട്ടീവ് ഓഫീസർ ഇത് സംബന്ധിച്ച റിപ്പോർട്ട് ദേവസ്വം ബോർഡിന് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് നടത്തിയ പരിശോധനയിൽ സ്വർണ ഉരുപ്പടികളുടെ കുറവ് കണ്ടെത്തുകയായിരുന്നു.

## ക്ലർക്ക് നിയമനം

എറണാകുളത്തുള്ള കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് ഉപദേശക സമിതി, ഓഫിസിൽ ഒഴിവ് വരുന്ന ഒരു ക്ലർക്ക് തസ്തികയിലേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കാൻ വിവിധ സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ നിന്ന് പെൻഷൻ ആയവരിൽനിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് ഡി.റ്റി.പി പരിജ്ഞാനം ഉണ്ടായിരിക്കണം. അപേക്ഷ ഒക്ടോബർ 22നകം ചെയർമാൻ, അഡ്വൈസറി ബോർഡ്, കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പാടം റോഡ് എളമക്കര, കൊച്ചി 682026 എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ: 0484-2537411.

## എറണാകുളത്ത് നീന്തൽ പരിശീലനത്തിനായി കൂട്ടുകാർക്കൊപ്പം പുഴയിലിറങ്ങിയ വിദ്യാർഥി മുങ്ങിമരിച്ചു

കൊച്ചി: എറണാകുളം വരാപ്പുഴയിൽ നീന്തൽ പരിശീലനത്തനായി കൂട്ടുകാർക്കൊപ്പം പുഴയിലിറങ്ങിയ വിദ്യാർഥി മുങ്ങിമരിച്ചു. ചേരാനല്ലൂർ മാതിരപ്പിള്ളി ജോൺസൺ - ഷിബി ദമ്പതികളുടെ മകൻ ഗോഡ്‌വിൻ (13) ആണ് മരിച്ചത് ചൊവ്വാഴ്ച വൈകുന്നേരം നാലിന് കണ്ടനാട് ബോട്ട് ജെട്ടിക്ക് സമീപത്താണ് സംഭവമുണ്ടായത്. കോതാട് ജീസസ് ഹയർസെക്കൻഡറി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിയായ ഗോഡ്‌വിൻ ക്ലാസ് കഴിഞ്ഞശേഷം മൂന്ന് കൂട്ടുകാർക്കൊപ്പമാണ് പുഴയോട് ചേർന്നുള്ള തോട്ടിൽ നീന്തൽ പരിശീലനത്തിന് ഇറങ്ങിയത്. പുഴയുടെ ആഴമുള്ള ഭാഗത്തേക്ക് തെന്നി നീങ്ങിയ ഗോഡ്‌വിൻ മുങ്ങിത്താഴുകയായിരുന്നു. രക്ഷിക്കാനായി ശ്രമിച്ച കൂട്ടുകാരനും നീന്തൽ അറിയാത്ത ഗോഡ്‌വിനൊപ്പം മുങ്ങി താഴ്ന്നു. ബഹളം കേട്ട് സമീപത്ത് ജോലി ചെയ്തിരുന്നവർ ഓടിയെത്തിയാണ് കൂട്ടുകാരനെ രക്ഷപ്പെടുത്തിയത്. ഇതിനിടയിൽ വെള്ളത്തിനടിയിലേയ്ക്ക് താഴ്ന്ന് പോയ ഗോഡ്‌വിനെ തെരഞ്ഞെങ്കിലും കണ്ടെത്താനായില്ല. ഫയർഫോഴ്സ് സ്കൂബ ടീമിന്റെ രണ്ടു മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിലാണ് മൃതദേഹം കണ്ടെത്തിയത്.

## താമരശേരിയിൽ ഡോക്ടർക്ക് വെട്ടേറ്റു; ആക്രമിച്ചത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച ഒമ്പതുവയസുകാരിയുടെ പിതാവ്

താമരശേരി: കോഴിക്കോട് താമരശേരിയിൽ ഡോക്ടർക്ക് വെട്ടേറ്റു. താമരശേരി താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. വിപിനാണ് വെട്ടേറ്റത്. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചു മരിച്ച ഒമ്പത് വയസുകാരിയുടെ പിതാവായ സനൂപ് എന്നയാളാണ് ഡോക്ടറെ ആക്രമിച്ചത്. മകൾക്ക് മതിയായ ചികിത്സ ലഭിച്ചില്ല എന്നാരോപിച്ചായിരുന്നു ആക്രമണം. ഇയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. മകൾക്ക് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചില്ലെന്ന നിലപാടിലായിരുന്നു സനൂപ്. അതേസമയം, തലയ്ക്ക് വെട്ടേറ്റ ഡോക്ടറുടെ നില ഗുരുതരമാണ്. ഇദ്ദേഹത്തെ ചികിത്സയ്ക്കായി കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ഓഗസ്റ്റ് 14നാണ് സനൂപിന്റെ മകൾ അനയ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചത്. പനി മൂർച്ഛിച്ചതിനെ തുടർന്ന് ആദ്യം താമരശേരി താലൂക്ക് ആശുപത്രിയിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. തുടർന്ന് നടത്തിയ പരിശോധനയിലാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചത്. അനയയുടെ സഹോദരനും രോഗം സ്ഥിരീകരിച്ചിരുന്നു. കുഞ്ഞിന്റെ മരണകാരണം എന്താണെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കിയിട്ടില്ല എന്നും മരണ സർട്ടിഫിക്കേറ്റ് ലഭിച്ചില്ല എന്നുമാണ് സനൂപും കുടുംബവും ആരോപിക്കുന്നത്.

## യുവാവ് ട്രെയിനിൽ കുഴഞ്ഞുവീണ് മരിച്ച സംഭവം: വിശദീകരണവുമായി തിരുവനന്തപുരം റെയിൽവെ ഡിവിഷൻ

തൃശൂർ: യുവാവ് ട്രെയിനിൽ കുഴഞ്ഞുവീണ് മരിച്ച സംഭവത്തിൽ വിശദീകരണവുമായി തിരുവനന്തപുരം റെയിൽവെ ഡിവിഷൻ. യാത്രക്കാരൻ അബോധാവസ്ഥയിലാണെന്ന് ഡിവിഷണൽ കൺട്രോൾ ഓഫീസിലേക്ക് വിവരം ലഭിച്ചു. ഉടൻതന്നെ അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ ആംബുലൻസ് ക്രമീകരിച്ചു. രാത്രിയായതിനാൽ സ്റ്റേഷൻ മാസ്റ്റർ ആംബുലൻസിനെ ബന്ധപ്പെട്ടെങ്കിലും ആംബുലൻസ് എത്താൻ വൈകിയെന്നുമാണ് റെയിൽവേയുടെ വിശദീകരണം. അടിയന്തര സാഹചര്യം പരിഗണിച്ച് ട്രെയിൻ തൃശൂർ റെയിൽവേ സ്റ്റേഷനിലേക്ക് പോകാൻ തീരുമാനിച്ചിരുന്നു. എന്നാൽ ചില യാത്രക്കാർ ചെയിൻ വലിച്ചതോടെ ട്രെയിൻ നിർത്തുകയും നടപടികൾക്ക് കൂടുതൽ കാലതാമസം വരികയും ചെയ്തുവെന്നാണ് റെയിൽവേ പറയുന്നത്. തൃശൂരിൽ ആംബുലൻസ് ക്രമീകരിച്ച വിവരം യാത്രക്കാരെ അറിയിച്ചെങ്കിലും ചില യാത്രക്കാരുടെ ഇടപെടൽ മുളങ്കുന്നത്തുകാവിൽ ട്രെയിൻ 25 മിനിറ്റോളം വൈകിയെന്നും റെയിൽവേയുടെ പ്രതികരണത്തിലുണ്ട്. മുംബൈ-എറണാകുളം ഓഖ എക്സ്പ്രസിൽ തിങ്കളാഴ്ച പുലർച്ചെയാണ് ചാലക്കുടി മാരാംകോട് സ്വദേശി ശ്രീജിത്ത് കൃത്യസമയത്ത് ചികിത്സ ലഭിക്കാതെ മരിച്ചത്. ട്രെയിൻ ഷോർണൂർ പിന്നിട്ടതോടെ യുവാവ് നെഞ്ചുവേദനയെ തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു.

## സ്വർണപ്പാളികൾ പുറത്തേക്കു കൊണ്ടുപോയത് അനുമതിയില്ലാതെയെന്ന് തന്ത്രി കണ്ഠര് രാജീവര്

പത്തനംതിട്ട: ശബരിമല ശ്രീകോവിലിന്റെ ദ്വാരപാലക ശില്പങ്ങൾ അറ്റകുറ്റപ്പണികൾക്കുവേണ്ടി ശബരിമലയ്ക്കു പുറത്തേക്കു കൊണ്ടുപോകാൻ അനുമതി നൽകിയിരുന്നില്ലെന്ന് ശബരിമല തന്ത്രി താഴമൺ മഠം കണ്ഠര് രാജീവർ. 2019ൽ ദ്വാരപാലക ശില്പങ്ങളിൽ സ്വർണത്തിന്റെ മങ്ങലുള്ളതിനാൽ അറ്റകുറ്റപ്പണികൾ വേണമെന്നാവശ്യപ്പെട്ട് ദേവസ്വം ഉദ്യോഗസ്ഥർ തന്ത്രിയെ സമീപിച്ചിരുന്നു. അറ്റകുറ്റപ്പണികൾക്കുവേണ്ടി അനുമതി നൽകിയെന്നും എന്നാൽ ഇത് പുറത്തേക്കു കൊണ്ടുപോകാൻ ആകില്ലെന്നും തന്ത്രി പറഞ്ഞു. സ്വർണം പൊതിഞ്ഞ പാളികൾ അറ്റകുറ്റപ്പണികൾക്കുവേണ്ടി എന്നു അനുമതി നൽകിയ രേഖയിൽ പ്രത്യേകം രേഖപ്പെടുത്തിയിരുന്നെന്നും തന്ത്രി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ദേവസ്വം അഡ്മിനിസ്ട്രേറ്ററായിരുന്ന മുരാരി ബാബു ചൊവ്വാഴ്ച പറഞ്ഞ കാര്യങ്ങൾ പച്ചക്കള്ളമാണെന്നും കണ്ഠര് രാജീവർ പറഞ്ഞു. വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ കൂടുതൽ അഭിപ്രായപ്രകടനങ്ങൾക്കില്ലെന്നും അദ്ദേഹം അറിയിച്ചു.

## സ്വർണപ്പാളി വിവാദം: സഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം, ഉന്തുംതള്ളും; ക്ഷുഭിതനായി സ്പീക്കർ

തിരുവനന്തപുരം: സ്വർണപ്പാളി വിവാദത്തിൽ തുടർച്ചയായ മൂന്നാം ദിവസവും സഭയിൽ പ്രതിപക്ഷ പ്രതിഷേധം. നടുത്തളത്തിലിറങ്ങിയ പ്രതിപക്ഷം സ്പീക്കറുടെ മുഖം മറച്ച് ബാനർ ഉയർത്താൻ ശ്രമിച്ചു. ഇതിനു പിന്നാലെ വാച്ച് ആൻഡ് വാർഡും പ്രതിപക്ഷാംഗങ്ങളും തമ്മിൽ ഉന്തുംതള്ളുമുണ്ടായി. ദേവസ്വം മന്ത്രി രാജി വെക്കുന്നതുവരെയും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കുന്നതു വരെയും സഭാ നടപടികളുമായി സഹകരിക്കില്ലെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാടെന്ന് വി. ഡി. സതീശൻ പറഞ്ഞു.

പ്രതിഷേധങ്ങൾക്കിടെ ചോദ്യോത്തര വേളയ്ക്ക് തടസം സൃഷ്ടിച്ചുകൊണ്ട് പ്രതിപക്ഷം ബഹളം വച്ചു. ഇതിനു പിന്നാലെ, വിഷയം ചർച്ച ചെയ്യണമെങ്കിൽ നോട്ടീസ് നൽകണമെന്ന് സ്പീക്കർക്ക് വേണ്ടി എം. ബി. രാജേഷ് ആവശ്യപ്പെട്ടു. തുടർന്ന്, പ്രതിപക്ഷത്തിന്റെ തുടർച്ചയായ പ്രതിഷേധത്തിൽ സ്പീക്കർ ക്ഷുഭിതനായി. ചൊവ്വാഴ്ച സഭയുടെ ഗാലറിയിൽ വിദ്യാർഥികൾ നിറഞ്ഞിരിക്കുമ്പോഴാണ് സ്പീക്കറുടെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം നടന്നതെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം ഇതാണോ കുട്ടികൾ കണ്ട് പഠിക്കേണ്ടതെന്നും ഇത് ജനാധിപത്യത്തിന് ഭൂഷണമല്ലെന്നും കൂട്ടിച്ചേർത്തു. അതേസമയം, ബഹളത്തിനിടയിൽ 'ചോർ ഹേ, ചോർ ഹേ, മുഴുവൻ ചോർ ഹേ' എന്ന് പ്രതിപക്ഷത്തെ മന്ത്രി വി. ശിവൻകുട്ടി ആക്ഷേപിക്കുകയും ചെയ്തു. സഭ തടസപ്പെടുത്തി അതിൽ ആഹ്ലാദം കണ്ടെത്തുകയാണ് പ്രതിപക്ഷമെന്ന് സേവ്യർ ചിറ്റിലപ്പള്ളി പറഞ്ഞു. ലെവൽ ക്രോസ് പോലെ പ്രതിപക്ഷം വികസനം തടസപ്പെടുത്തുകയാണെന്ന് മന്ത്രി മുഹമ്മദ് റിയാസ് കുറ്റപ്പെടുത്തി.